LIBRARY ARCHIVES Kerala Legislative Assembly

'ശൂന്യവേതനാവധി എടുത്ത സർക്കാർ ജീവനക്കാർ'

63 (64) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര സർക്കാർ ജീവനക്കാർ ശൂന്യവേതന അവധിയെടുത്ത് വിദേശങ്ങളിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം കാറ്റഗറികളിലും, വകപ്പുകളിലുംപ്പെട്ട ജീവനക്കാരാണ് ഇത്തരത്തിൽ അവധിയെടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ?

ഉത്തരം

(എ & ബി) കാറ്റഗറി, വകുപ്പ് വ്യത്യാസമില്ലാതെ എല്ലാ അപേക്ഷകർക്കും അവധി നൽകിവരുന്നു. എത്ര ജീവനക്കാർ വിദേശ ജോലിക്ക് വേണ്ടി അവധി എടുത്തിട്ടുണ്ട് എന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(സി) 11-10-2013-ലെ സ.ഉ.(പി) 515/13/ധന ഖണ്ഡിക 3 പ്രകാരം, ശൂന്യവേതനാവധി മൂലമുണ്ടാകുന്ന ഒഴിവുകൾ അവധിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥർ മടങ്ങി വരുന്നതുവരെ താൽക്കാലികമായി നികത്തുവാൻ അനുമതി നൽകിയിട്ടുണ്ട്.

സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം

64 (65) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ & ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച "ദി കേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്" എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് [16-8-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 228/14/പൊ.ഭ.] പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 18 വകുപ്പുകളെ കേരള

അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്താനാണ് പ്രസ്തുത കമ്മിറ്റി ശിപാർശ ചെയ്തിരുന്നത്. മറ്റ് വകുപ്പുകളെകൂടി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

സർക്കാർ പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം

65 (66) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ സർക്കാരിനുദ്ദേശമുണ്ടോ ; ഇതു സംബന്ധമായ പൊതുനിലപാട് വെളിപ്പെടുത്താമോ ;

(ബി) നിലവിൽ ഏതെല്ലാം മേഖലയിൽ ജോലി നോക്കുന്നവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ട് ; പെൻഷൻ പ്രായം വർദ്ധിപ്പിച്ചുകൊണ്ട് ഈ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ ഏതൊക്കെയാണ് ;

(സി) സർക്കാർ വകുപ്പുകളിലെ ഏതെല്ലാം വിഭാഗങ്ങളുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുകയുണ്ടായിട്ടുണ്ട് ;

(ഡി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലും സഹകരണ സ്ഥാപനങ്ങളിലും പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെയും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) സർക്കാർ മേഖലയിലെ ഡോക്ടർമാരുടെയും ഫാർമസി കോളേജ്, നഴ്സിംഗ് കോളേജ്, സർക്കാർ മെഡിക്കൽ കോളേജുകളിലെ നോൺ മെഡിക്കൽ അദ്ധ്യാപകരുടെയും അഗ്രിക്കൾച്ചർ ഇൻകം ടാക്സും സെയിൽ ടാക്സും അപ്പലേറ്റ് ട്രൈബ്യൂണൽ അക്കൗണ്ട്സ് മെമ്പറിന്റെയും പെൻഷൻ പ്രായം താഴെപ്പറയും പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്:

LIBRARY ARCHIVES Kerala Legislative Assembly